**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1203** **30-08-2022 - ൽ മറുപടിയ്ക്ക്**

**തെന്മല ഡാം പി.ഡബ്ല്യൂഡി. റോഡ് വളവിൽ തുടർച്ചയായ അപകടങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി എസ് സുപാൽ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | പുനലൂർ നിയോജകമണ്ഡലത്തിലെ തെന്മല ഡാം (പി.ഡബ്ല്യൂ.ഡി. റോഡ്) വളവിൽ തുടർച്ചയായി അപകടങ്ങൾ ഉണ്ടാകുന്നു എന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | തുടർച്ചയായുണ്ടായ അപകടങ്ങളിൽ ഇവിടെ സ്ഥാപിച്ചിരുന്ന സംരക്ഷണഭിത്തി ഉൾപ്പെടെയുള്ളവ തകരുകയും അപകടസാധ്യതയേറുകയും ചെയ്തിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | തുടർച്ചയായ അപകടങ്ങളിൽ ഇവിടെ സ്ഥാപിച്ചിരുന്ന സംരക്ഷണഭിത്തി ഉൾപ്പെടെയുള്ളവ തകരുകയും അപകട സാധ്യതയേറുകയും ചെയ്തതതിനാൽ അപകടം ഒഴിവാക്കുന്നതിനുവേണ്ടി ക്രാഷ് ബാരിയർ സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഭരണാനുമതി നൽകി പ്രവൃത്തി നടപ്പിലാക്കുന്നതാണ്. നിലവിൽ ടി ഭാഗത്ത് അപകടസാധ്യതാമുന്നറിയിപ്പ് ബോർഡുകളും, റോഡു നിയമങ്ങൾ പാലിച്ച് സഞ്ചരിക്കുന്നതിനു വേണ്ടി സൈൻ ബോർഡുകളും സ്ഥാപിച്ചിട്ടുള്ളതാണ്. ടി റോഡിലുണ്ടായ എല്ലാ കുഴികളും കരാറുകാരനെക്കൊണ്ട് അടപ്പിച്ച് പൂർവ്വ സ്ഥിതിയിലാക്കിയിട്ടുള്ളതുമാണ്. |
| (സി) | പ്രസ്തുത പ്രദേശത്തെ അപകടസാധ്യത കുറയ്ക്കുന്നതിനായി പ്രത്യേക പഠനം നടത്തി തുടർച്ചയായ അപകടങ്ങൾ ഒഴിവാക്കാനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | പ്രസ്തുത ഭാഗത്തിന്റെ ഇരുവശങ്ങളിലും വനം വകുപ്പിന്റെ അധീനതയിലുള്ള ഭൂമിയാണ്. ഈ സാഹചര്യത്തിൽ വളവുകൾ നിവർത്തി നവീകരിക്കാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത് |

സെക്ഷൻ ഓഫീസർ